(ബി) ഉണ്ടെങ്കിൽ അതിന്റെ തീയതിയും സമയവും വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഇക്കാര്യം പരിശോധിച്ചു വരികയാണ്.

ശുചീകരണ വിഭാഗം തൊഴിലാളികൾക്ക് ജോലിസ്ഥലത്തിനു സമീപം ഹൗസിംഗ് കോളനി

912 [1676] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം സിറ്റി കോർപ്പറേഷനിലെ ശുചീകരണ വിഭാഗം തൊഴിലാളികൾക്ക് അവരവരുടെ ജോലിസ്ഥലത്തിനു സമീപം താമസിക്കുന്നതിനു ഹൗസിംഗ് കോളനികൾ നിർമ്മിച്ചുകൊടുക്കുവാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

തിരുവനന്തപുരം കോർപ്പറേഷനിലെ ശുചീകരണ വിഭാഗം തൊഴിലാളികൾക്ക് അവരവരുടെ ജോലിസ്ഥലങ്ങളുടെ സമീപം ഹൗസിംഗ് കോളനികൾ നിർമ്മിച്ചുകൊടുക്കുവാൻ നഗരസഭ സന്നദ്ധമാണ്. ചെങ്കൽച്ചൂള, കരിമഠം എന്നീ സ്ഥലം ക്ലിയറൻസ് സ്കീമുകൾ പൂർത്തിയാകുന്നതോടെ പലർക്കും വീടുകൾ ലഭിക്കുന്നതാണ്. ബാക്കിയുള്ളവർക്ക് കെട്ടിടം നിർമ്മിച്ചുകൊടുക്കുന്ന കാര്യം നഗരസഭയുടെ പരിഗണനയിലുണ്ട്.

ചാത്തന്നൂർ പരവൂർ പ്രദേശങ്ങളുടെ വികസനത്തിനുവേണ്ടി ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുവാൻ നടപടി

913 [1677] ശ്രീ. ജെ. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം താലൂക്കിലെ ചാത്തന്നൂർ, പരവൂർ പ്രദേശങ്ങളുടെ വികസനം ലക്ഷ്യമാക്കി ഒരു ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

തൽക്കാലം ആലോചന ഇല്ല.

കൊല്ലം ടൗണിനു ചുറ്റുമുള്ള പ്രദേശങ്ങൾക്കായി ഡെവലപ്പ്മെന്റ് അതോറിറ്റി

914 [1678] ശ്രീ. ജെ. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ടൗണിനു ചുറ്റുമുള്ള പ്രദേശങ്ങൾക്കായി ഡവലപ്പ്മെന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തന പരിധിയിൽപ്പെടുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ്;

(സി) അവിടെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) കൊല്ലം ടൗണിന്റെയും ചുറ്റുമുള്ള പ്രദേശങ്ങളുടെയും വികസനത്തിനുവേണ്ടിയാണ് കൊല്ലം ഡവലപ്പ്മെന്റ് അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്.

(ബി) കൊല്ലം പട്ടണവും കിളികൊല്ലൂർ തെക്കുംഭാഗം, ശക്തികുളങ്ങര, തൃക്കരുവ, തൃക്കടവൂർ, പരിനാട്, കൊറ്റംകര, തൃക്കോവിൽവട്ടം, വടക്കേവിള, ഇരവിപുരം, മയ്യനാട് എന്നീ പഞ്ചായത്തുകളുമാണ്.

(സി) കൊല്ലം പട്ടണത്തിന്റെ വികസനത്തിനു ഒരു കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ചില വികസന മേഖലകൾക്ക് വിശദമായ ആവിഷ്കരണം നടത്തുന്നതിനുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ഡി) മാസ്റ്റർ പ്ലാൻ കരട് രൂപത്തിലായതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്താൻ ഇപ്പോൾ കഴിയില്ല. കൊല്ലം മുനിസിപ്പൽ കൗൺസിൽ പ്ലാൻ ചർച്ചക്കുവച്ചിട്ടുണ്ട്.

പ്രീപണ്ടാരവക സ്പെഷ്യൽ തഹശീൽദാർമാരുടെ ആഫീസുകൾ

915 [1687] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും മത്സ്യബന്ധനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറിൻകരയിൽ പ്രീപണ്ടാരവക സ്പെഷ്യൽ തഹശീൽദാർമാരുടെ എത്ര ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) അവിടെ എത്ര ജീവനക്കാർ ജോലിനോക്കുന്നു;

(സി) ഭൂമി പതിച്ചുകിട്ടുന്നതിനുള്ള ശേഷിച്ച അപേക്ഷകളിൻമേൽ തീരുമാനമെടുത്ത് ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള ചുമതല പ്രീപണ്ടാരവക തഹശീൽദാരെ ഏൽപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെയ്യാറിൻകരയിൽ പ്രീപണ്ടാരവക സ്പെഷ്യൽ തഹശീൽദാർമാരുടെ രണ്ട് (2) ആഫീസുകൾ പ്രവർത്തിക്കുന്നു.

(ബി) ഓരോ ആഫീസിലും 24 ജീവനക്കാർ ജോലിനോക്കുന്നു.

(സി) പ്രീപണ്ടാരവക ഭൂമി പതിച്ചുകൊടുക്കുന്ന നടപടികൾ സ്പെഷ്യൽ സ്റ്റാഫ് തുടർന്നു നടത്തിക്കൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തര സമയം കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly